LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

2. സമൂഹ മാധ്യമങ്ങളുടെ ദുരുപയോഗം

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

" സമൂഹമാധ്യമങ്ങൾ ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഫെയ്സ്ബുക്ക്, ട്വിറ്റർ, വാട്സ് ആപ്പ് തുടങ്ങി നിരവധി സമൂഹമാധ്യമങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും നിലവിലുണ്ട്. എന്നാൽ ഇവയുടെ ദുരുപയോഗം കൂടിവരികയാണ്. സൈബർ കുറ്റകൃത്യങ്ങളും ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് മുതലായ സമൂഹമാധ്യമങ്ങളിലൂടെ വ്യക്തിപരവും മതപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങളും ഇപ്പോൾ വ്യാപകമാണ്. ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിരവധി കേസുകളാണ് രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ ചില കേസുകൾ അതീവ ഗുരുതരമാണ്. സമൂഹമാധ്യമങ്ങളിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്തുകയും സമൂഹത്തിനു മുന്നിൽ അപഹാസ്യരാക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ മാധ്യമങ്ങളിലൂടെ ചതിക്കപ്പെടുന്ന വീട്ടമ്മമാരുടെയും വിദ്യാർത്ഥിനികളുടെയും എണ്ണം കൂടിവരികയാണ്. ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ നിയമത്തിന്റെമുന്നിൽ കൊണ്ടുവരാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുവാനും അപകീർത്തികരവും രാജ്യദ്രോഹപരവുമായ പ്രസ്താവനകളും പോസ്റ്റുകളും ഉപയോഗിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിയമത്തിന്റെമുന്നിൽ കൊണ്ടുവരാനും ഉതകുംവിധം ശക്തമായ ഒരു പുതിയ സൈബർ നയം ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തിപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങളും ഇപ്പോൾ വ്യാപകമാണ്. ഫെയ്സ് ബുക്ക് വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ ചില കേസ്സുകൾ അതീവ ഗുരുതരമായ കേസ്സുകളാണ്. ഈ സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്തുകയും സമൂഹത്തിനുമുന്നിൽ അപഹാസ്യരാക്കി മാറ്റുകയും ചെയ്യുന്ന നിരവധി സംഭവങ്ങളുണ്ടാകുന്നുണ്ട്. ഇത്തരം മാധ്യമങ്ങളിലൂടെ ചതിക്കപ്പെടുന്നത് കൂടുതലും സ്ത്രീകളാണ്. ചതിക്കപ്പെടുന്ന വീട്ടമ്മമാരുടെയും വിദ്യാർത്ഥിനികളുടെയും എണ്ണം ഓരോ ദിവസവും കൂടിവരികയാണ്. ഈ നവമാധ്യമങ്ങൾക്ക് നമ്മളാരും ഒരിക്കലുമെതിരല്ല. ആധുനിക ലോകത്തിൽ ഇതെല്ലാം വളരെ അത്യാവശ്യംതന്നെയാണ്. എന്നാൽ ഇവ ദുരുപയോഗം ചെയ്യുന്നവരെ നിയന്ത്രിക്കുകയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും ചെയ്തില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തായിരിക്കും ഉണ്ടാകാൻ പോകുന്നത്. സ്ത്രീകളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷയും സോഷ്യൽ മീഡിയാ രംഗത്തെ പ്രശ്നമാണ്. യു ട്യൂബിലും വാട്സ് ആപ്പിലും ട്വിറ്ററിലും ഫെയ്സ്ബുക്കിലും ഉൾപ്പെടെ പ്രസിദ്ധീകരിക്കുന്ന പല കാര്യങ്ങളും പലരുടെയും സ്വകാര്യതയെ ഉലയ്ക്കുന്നതും ധാർമ്മികതയെയും സാമൂഹ്യവ്യവസ്ഥയെയും തകർക്കുന്നതുമാണ്, ലൈംഗിക അരാജകത്വം സൃഷ്ടിക്കുന്നവ കൂടിയാണ്. അനിമേഷനും വെട്ടിമാറ്റലും കൂട്ടിച്ചേർക്കലും കൃത്രിമം സൃഷ്ടിക്കലുംവഴി ആരെയും എങ്ങനെയും ചിത്രീകരിക്കാമെന്നുള്ളത് പലപ്പോഴും ദുരന്തത്തിൽ കലാശിക്കുന്നുണ്ട്. വളരെയേറെ സാമ്പത്തിക കുറ്റകൃത്യങ്ങളും സോഷ്യൽ മീഡിയവഴി നടന്നുവരുന്നുണ്ട്. 6-6-2014-ൽ ഒരു പ്രധാന പത്രത്തിൽ വന്ന തലക്കെട്ട് 'ഫെയ്സ്ബുക്കിലെ അടുപ്പം ഒരു യുവതിക്ക് നഷ്ടം 26 ലക്ഷവും കുടുംബജീവിതവും' എന്നാണ്. യു.എസ്സും ജപ്പാനും കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം ആളുകൾ ഓൺ ലൈൻ, മൊബൈൽ ബാങ്കിംഗ് തട്ടിപ്പുകൾ ക്കിരയാകുന്നത് ഇന്ത്യ ആണെന്ന് ജാപ്പനീസ് കമ്പ്യൂട്ടർ സുരക്ഷാ സ്ഥാപനമായ ടെൻ മൈക്രോ പറയുന്നു. ഇവിടത്തെ ഓൺലൈൻ മാധ്യമങ്ങൾ ഇന്ന് സത്യസന്ധവും വസ്തുനിഷ്ഠവുമായ വാർത്തകൾ അതിവേഗത്തിൽ വായനക്കാരുടെ മുമ്പിലെത്തിക്കുവാനും ജേർണലിസത്തെ ശക്തിപ്പെടുത്തുവാനും അത്യന്താപേക്ഷിതമാണ്. നല്ല വാർത്തകൾ, സത്യസന്ധമായ വാർത്തകൾ കൊടുക്കുന്നവരെ നമുക്ക് പ്രോത്സാഹിപ്പിക്കണം. എന്നാൽ ചില വ്യക്തികൾ മനഃപൂർവ്വം സമൂഹമദ്ധ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അപമാനിക്കുവാനും അപകീർത്തിപ്പെടുത്തുവാനും വേണ്ടി മാത്രം ഓൺലൈൻ പത്രം എന്ന പേരിൽ തുടങ്ങി വ്യക്തിഹത്യ നടത്തുന്നതായി നമുക്ക് കാണാൻ കഴിയും. ഇപ്പോഴത്തെ സാഹചര്യത്തിൽ ഓൺലൈൻ എപ്പോൾ വേണമെങ്കിലും തുടങ്ങാവുന്നതാണ്. സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ തടയൽ, അപകീർത്തികരവും രാജ്യദ്രോഹപരവുമായ പ്രസ്താവനകളും പോസ്റ്റുകളും ഉപയോഗിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരൽ തുടങ്ങിയ കാര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ശക്തമായൊരു പുതിയ സൈബർ നയം ആവിഷ്കരിക്കണമെന്ന് ഈ സഭ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. റ്റി. വി. രാജേഷിന് ദേദഗതി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. റ്റി .വി. രാജേഷ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

4. ആദ്യഖണ്ഡികയിലെ അവസാന ഭാഗത്ത്, " അപര്യാപ്തമാണ്" എന്ന വാക്കിനുശേഷം "എന്നാൽ അതിരൂക്ഷമായ വിലക്കയറ്റം, ഭക്ഷ്യസുരക്ഷ ഇല്ലായ്മ, കാർഷിക മത്സ്യമേഖലകളിലെ പ്രതിസന്ധി, ദേശീയ തൊഴിലുറപ്പ് പദ്ധതി നേരിടുന്ന തകർച്ചാഭീഷണി, സർവ്വവ്യാപിയായ അഴിമതി, വിദ്യാഭ്യാസ കച്ചവടം, മന്ത്രിമാരുടെ അധികാര ദുർവിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളുടെ പ്രതികരണങ്ങൾ ഉയർത്തുന്നതിലും, ഭരണാധികാരികളുടെ കണ്ണ് തുറപ്പിക്കുന്നതിലും സാമൂഹ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ഒട്ടും കുറച്ചു കണ്ടുകൂടാത്തതുമാണ്" എന്നത് ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. സൈബർ സ്പെയ്സ് എന്നുപറയുന്നത് ഇന്ന് നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ കൊണ്ടുവന്നത് വളരെ പ്രസക്തമായൊരു വിഷയമാണ്. സാമൂഹ്യരംഗത്ത് ഇന്ന് സോഷ്യൽ മീഡിയ ഉണ്ടാക്കുന്ന ഇംപാക്ട്, സുപ്രീംകോടതിയുടെ വളരെ സുപ്രസിദ്ധമായ ഒരു വിധി, പലപ്പോഴും അതിന്റെ നെഗറ്റീവ് സൈഡ് നമുക്ക് സമൂഹത്തിന്റെ മുന്നിലോ നിയമത്തിന്റെ മുന്നിലോ കൊണ്ടുവരാൻ സാധിക്കാത്ത രീതിയിലായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ ആഭ്യന്തര വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും ഇന്ന് തുടങ്ങാൻ കഴിയാത്ത

സ്ഥിതിവിശേഷമുണ്ട്. തിരുവനന്തപുരം ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് ഒരു 'സൈബർഡോം' ആഭ്യന്തരവകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളത്തെ ഇൻഫോപാർക്കിൽ ഒരു സൈബർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പക്ഷേ, നമ്മുടെ ഒഫിഷ്യൽസ് പ്രത്യേകിച്ച് നമ്മുടെ ആഭ്യന്തര വകുപ്പിലെ പോലീസുദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച അവയർനെസ് കുറവാണ്. സൈബർ നിയമത്തെക്കുറിച്ച് വലിയൊരു പ്ലാറ്റ്ഫോം നമുക്ക് സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഡേ ടു ഡേ ലൈഫിൽ സൈബർ നിയമത്തിന്റെ ഇംപാക്ടിനെ സംബന്ധിച്ച് ജനങ്ങളിൽ അവയർനെസ്സുണ്ടാകണം. ഫെയ്സ് ബുക്കും വാട്സ് ആപ്പും പോലുള്ള സോഷ്യൽ മീഡിയ നമുക്ക് ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി മാറിയിരിക്കുകയാണ്. അതിൽ വരുന്ന ഇംപാക്ട് എങ്ങനെ തടയാൻ സാധിക്കുമെന്നും എങ്ങനെയാണ് കേസ് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതെന്നും മനസ്സിലാക്കേണ്ടതുണ്ട്. പലപ്പോഴും കേസുമായി പോകുമ്പോൾ പോലീസുദ്യോഗസ്ഥർക്ക് കേസ് എടുക്കുന്നതിനെക്കുറിച്ച് അറിയില്ല. അവർക്ക് പ്രോപ്പറായി ട്രെയിനിംഗ് കിട്ടുന്നില്ല.

<u>ശ്രീ. വി. റ്റി. ബൽറാം</u> : സർ, സോഷ്യൽ മീഡിയയിലൂടെ ഇപ്പോൾ കേരളത്തെ മൊത്തത്തിൽ അപമാനിക്കുന്ന തരത്തിലുള്ള ഒരു കാമ്പയിൻ നടന്നുവരുന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മളെല്ലാവരും ഒരു പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന വിഷമനുഷ്യരെ മാത്രം തെരഞ്ഞുപിടിച്ച് നശിപ്പിക്കാനുള്ള തീരുമാനമെടുത്തത്. ഇതിന്റെ പേരിൽ അന്യസംസ്ഥാന മാഫിയകൾ കേരളത്തിന്റെ മൊത്തത്തിലുള്ള സാധ്യതകളെ തകർക്കുന്ന തരത്തിൽ, കേരളത്തിലെ ടൂറിസം രംഗത്തെ തകർക്കുന്ന തരത്തിൽ 'ക്രൂവൽ കേരള' എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള ഒരു ഹാഷ് ടാഗ് വച്ചുകൊണ്ട് കേരളത്തെ അപമാനിക്കുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, സോഷ്യൽ മീഡിയയിൽ എന്തടിപ്രായവും പറയാം. അതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാനോ ആർക്കെങ്കിലുമെതിരെ നടപടി എടുക്കാനോ കഴിയാത്തവിധത്തിൽ കോടതി വിധിയുണ്ടായി എന്നുള്ള സാഹചര്യവും നിലവിലുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഹൈബി ഈഡൻ : സർ, ഇപ്പോൾ സുപ്രീംകോടതിയുടെ വിധി വളരെ പ്രസക്തമാണ്. ശ്രീ. വി. ടി. ബൽറാം ചൂണ്ടിക്കാട്ടിയതുപോലെ രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളത്തെ മുഴുവൻ, കേരളത്തിന്റെ ടൂറിസത്തെ മാത്രമല്ല കേരളത്തിന്റെ എല്ലാ പ്രോസ്പെക്ടസിനെയും തകർക്കുന്ന തരത്തിലുള്ള വലിയ സാമൂഹ്യവിപത്ത് നടക്കുകയാണ്. ലോകം മുഴുവൻ, നമ്മുടെ ടൂറിസം ബ്രാൻഡ് അംബാസിഡർമാർ ആകാൻ പോകുന്നവർക്കുവരെ മെയിൽ പോകുകയാണ്. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഹൈബി ഈഡൻ, അങ്ങേയ്ക്ക് പ്രസംഗം അടുത്ത ദിവസം തുടരാവുന്നതാണ്.

(ചർച്ച തുടരും)

ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 27-ാം തീയതി രാവിലെ 8.30 മണിക്ക് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കശേഷം 12.30-ന് പിരിഞ്ഞു.)